# കേരള സർവകലാശാല

നം. പി.ആർ.057/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അസിസ്റ്റന്റ് സ്റ്റാറ്റിസ്റ്റിഷ്യൻ: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം ഇക്കണോമിക്സ് പഠനവകുപ്പിൽ അസിസ്റ്റന്റ് സ്റ്റാറ്റിസ്റ്റിഷ്യൻ താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത, പ്രായം, പ്രവൃത്തിപരിചയം, വേതനം, അപേക്ഷഫോറം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notification എന്ന ലിങ്കിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷയും ചെലാൻ, അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഏപ്രിൽ ഒന്നിനകം രജിസ്ട്രാർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം – 695 034 എന്ന വിലാസത്തിൽ ലഭിക്കണം.

### എൽ.എൽ.ബി ഫലം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ മൂന്ന് വരെ ഓൺലൈനായി അപേക്ഷിക്കാം.

### ബി.ബി.എ ഫലം

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.ബി.എ (ഗ്രൂപ്പ് ടു(ബി)) (2013–ന് മുമ്പുള്ള അഡ്മിഷൻ) കോഴ്സിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ത്രിദിന അന്താരാഷ്ട്ര സെമിനാർ സമാപിച്ചു

കേരള സർവകലാശാല ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് റൂസയുമായി സഹകരിച്ച് സംഘടിപ്പിച്ച ത്രിദിന അന്താരാഷ്ട്ര സെമിനാർ സമാപിച്ചു. ഇന്ത്യയുടെ പണ-ധന നയത്തിലെ മാറുന്ന പ്രവണതകൾ എന്ന വിഷയത്തെ ആസ്പദമാക്കി മൂന്ന് ദിവസമായി നടന്നുവന്നിരുന്ന സെമിനാറിൽ പ്രൊഫ. പ്രഭാത് പട്നായിക്, പ്രൊഫ. സൗമൻ ചതോപാദ്ധ്യായ, പ്രൊഫ. സി.പി. ചന്ദ്രശേഖർ തുടങ്ങിയ വിദഗ്ധർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. മാർച്ച് 16-ന് സമാപിച്ച സെമിനാറിൽ നോട്ട് പിൻവലിക്കൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ എങ്ങനെ ബാധിച്ചു എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു.

### തീരദേശ ജൈവവൈവിധ്യ പഠനം: സൗജന്യ പരിശീലനം

തീരദേശ ജൈവവൈവിധ്യ പഠനത്തിന് സന്നദ്ധസംഘടനകളെ പ്രാപ്തരാകുന്നതിലേക്കായി ഒരു പരിശീലന പരിപാടി കേരളശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും കേരള സർവകലാശാലയുടെ അക്വാട്ടിക് ബയോളജി & ഫിഷറീസ് വിഭാഗവും സംയുക്തമായി സംഘടിപ്പിക്കുന്നു. സിംഗപ്പൂർ നാഷണൽ സർവകലാശാല ജൈവ വൈവിധ്യ പഠന വകുപ്പ് മേധാവി ഡോ.പീറ്റർ എൻ.ജി ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. കേരള സർവകലാശാല കാര്യവട്ടം കാമ്പസിൽ മാർച്ച് 25-26 തീയതികളിൽ സംഘടിപ്പിക്കുന്ന സൗജന്യ പരിശീ

ലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള സംഘടനകൾ ഡോ.എ.ബിജുകുമാർ, അക്വാട്ടിക് ബയോളജി & ഫിഷറീസ് വിഭാഗം, കേരള സർവകലാശാല, കാര്യവട്ടം തിരുവനന്തപുരം 695581 എന്ന വിലാസത്തിലോ aquaticbiology@gmail.com എന്ന ഇമെയിലിലോ ബന്ധപ്പെടുക (ഫോൺ: 9447216157). തീരദേശത്തു പ്രവർത്തനം നടത്തുന്ന സന്നദ്ധസംഘടനകൾക്ക് മുൻഗണന. തീരദേശ സംരക്ഷണത്തിലെ നൂതന രീതികളെ കേരളത്തിലെ സന്നദ്ധപ്രവർത്തകർക്ക് പരിചയപ്പെടുത്തുക എന്നതാണ് പ്രസ്തുത പരി പാടിയുടെ ലക്ഷ്യം.ഇതോടൊപ്പം നാളെയുടെ ജൈവവൈവിധ്യ സംരക്ഷ കരുടെ സൃഷ്ടിക്കായി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും യുവ ഗവേ ഷകർക്കും വേണ്ടി രണ്ടുദിവസത്തെ അനിമൽ ടാക്സോണമി വർക്ക്ഷോപ്പും മാർച്ച് 23,24 തീയതികളിൽ സംഘടിപ്പിക്കുന്നു. താൽപര്യമുള്ള വിദ്യാർത്ഥി കൾക്ക് വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രത്തോടെയും സ്വതന്ത്ര ഗവേഷ കർക്ക് നേരിട്ടും അപേക്ഷിക്കാവുന്നതാണ്.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2006 & 2011 സ്കീം സപ്ലിമെന്ററി മാത്രം) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ തീയതി മാറ്റം

കേരള സർവകലാശാല മാർച്ച് 17-ന് നടത്തേണ്ട കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ ഫണ്ടമെന്റൽസ് ഓഫ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് (E) എന്ന പേപ്പർ മാർച്ച് 22-ലേക്ക് മാറ്റി. സമയം രാവിലെ 9.30 മുതൽ 12.30 വരെ.

തിരുവനന്തപുരം.
16.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098